ഇറയം റിസർച്ച് ജേർണൽ

September-December 2023 Volume VII Issue 3

# പത്രശൈലിയും ലിപിവിന്യാസവും

**ഡോ. നിസാർ അഹമ്മദ് കെ.**

**പ്രബന്ധസംഗ്രഹം**

അച്ചടിമാധ്യമങ്ങൾക്ക് തനത് വ്യക്തിത്വം നിലനിർത്തുന്നതിന് സവിശേഷമായ ശൈലി ആവശ്യമാണ്. സാങ്കേതികപുരോഗതിയുടെ ഫലമായി കഴിഞ്ഞ ഒന്നരനൂറ്റാണ്ടിനിടയിൽ അച്ചടിമാധ്യമമേഖലയിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. വാർത്തകളുടെ തിരഞ്ഞെടുപ്പിലും വീക്ഷണത്തിലും വ്യതിരിക്തത പുലർത്തുന്നതുപോലെ ലിപിവിന്യാസം, വാർത്താവിന്യാസം, പേജ്ക്രമം, തലക്കെട്ട്, ലിപിരൂപങ്ങൾ എന്നിവയിലും മലയാളത്തിലെ ഓരോപത്രവും വേറിട്ട രീതി പിന്തുടരുന്നതായി കാണാം. ബാഹ്യമായ രൂപഘടനയ്ക്കും ഭാഷാപ്രയോഗത്തിനും പത്രമാധ്യമങ്ങൾ അടിസ്ഥാനപ്രമാണമായി സ്വീകരിക്കുന്നത് അവരവർ അംഗീകരിച്ച സ്റ്റൈൽ ബുക്കാണ്. ഒരു ഭാഷാസമൂഹത്തിൽ ഉൾപ്പെടുന്ന മാധ്യമങ്ങൾ വ്യത്യസ്ത സ്റ്റൈൽബുക്കുകൾ പിന്തുടരുന്നത് ഭാഷയിൽ സങ്കീർണതകളുണ്ടാക്കുന്നു. മലയാളത്തിൽ ഇന്ന് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഏതാനും പത്രങ്ങളുടെ സ്റ്റൈൽ ബുക്കിനെ അടിസ്ഥാനപ്പെടുത്തി മലയാള ലിപിവിന്യാസത്തിലെ ചില പ്രശ്നങ്ങളിലേക്ക് ഭാഷാപരമായ സൂചനകൾ നൽകുകയാണ് ഈ പഠനത്തിന്റെ ഉദ്ദേശ്യം. അന്യഭാഷകളിൽനിന്ന് മലയാളത്തിലേക്ക് സ്വീകരിക്കുന്ന പദങ്ങളിലെ ലിപിവിന്യാസത്തിലുള്ള വൈവിധ്യങ്ങൾ മാത്രം മുൻനിറുത്തിയുള്ള ചില നിരീക്ഷണങ്ങളാണ് ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നത്.

**താക്കോൽ വാക്കുകൾ**

പത്രശൈലി, സ്റ്റൈൽബുക്ക്, അച്ചടി സാങ്കേതികവിദ്യ, ലിപിപരിഷ്കരണം

**ആമുഖം**

'സ്റ്റൈൽ ഈസ് ദി മാൻ' എന്നാണ് ചൊല്ല്. ഒരു വ്യക്തിയുടേതെന്നപോലെ ഒരു പത്രത്തിനും തനത് വ്യക്തിത്വം നിലനിർത്തുന്നതിന് ശൈലി ആവശ്യമാണ്. തനതുശൈലിയും വീക്ഷണങ്ങളുമുള്ള പത്രത്തിനേ വായനക്കാരുടെ മനസ്സിൽ ഇടംപിടിക്കാനാവൂ എന്ന ധാരണ പത്രമാധ്യമരംഗത്ത് പൊതുവിലുണ്ട്. തനതുവ്യക്തിത്വം നിലനിർത്താനായില്ലെങ്കിൽ വായനക്കാരിൽനിന്ന് അകലുമെന്ന ഭീതിയും മാധ്യമമേഖലയിൽ നിലനിൽക്കുന്നുണ്ടാവാം.

അച്ചടിമാധ്യമങ്ങൾ അവയുടെ കെട്ടിനും മട്ടിനും വലിയ പ്രാധാന്യം നൽകുന്നുണ്ട്. അച്ചടിക്കടലാസിന്റെ ഗുണമേന്മയും അച്ചടിയുടെ മിഴിവും വർണചിത്രങ്ങളുടെ പൊലിമയും കാഴ്ചഭംഗിയും വായനക്കാരെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. 1847-ൽ കല്ലച്ചിൽ അച്ചടിച്ച ഗുണ്ടർട്ടിന്റെ 'രാജ്യസമാചാരം' വായനക്കാരെ ആകർഷിക്കുന്ന മിഴിവോടെയല്ല പുറത്തിറങ്ങിയത്. അതിലെ ലിപിരൂപങ്ങൾ കയ്യെഴുത്തിലേതുതന്നെയായിരുന്നു. തൊട്ടുപിറകെ മൂവബിൾ ടൈപ്പ് അച്ചടിവിദ്യ ഉപയോഗിച്ച ബഞ്ചമിൻ ബെയ്‌ലിയുടെ പത്രം ഗുണ്ടർട്ടിന്റെ പത്രത്തെ അപേക്ഷിച്ച് മിഴിവേറിയതായിരുന്നു. സാങ്കേതികപുരോഗതിയുടെ ഫലമായി കഴിഞ്ഞ ഒന്നരനൂറ്റാണ്ടിനിടയിൽ അച്ചടിമാധ്യമമേഖലയിൽ വലിയ മാറ്റങ്ങളുണ്ടായി. കല്ലച്ചിൽനിന്ന് ലോഹ അച്ചുകളിലേക്കും പിന്നീട് കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ള അച്ചടിയിലേക്കും പത്രപ്രസാധനരംഗം വളരെപ്പെട്ടെന്ന് മാറി. ഫോട്ടോ കമ്പോസിങ്, ഓഫ്സെറ്റ് അച്ചടി, കമ്പ്യൂട്ടറൈസ്ഡ് കമ്പോസിങ്, എഡിറ്റിങ്, ലേ ഔട്ട്, ഡിജിറ്റൽ അച്ചടി, മൾട്ടികളർ അച്ചടി, സി.ടി.പി എന്നിവ കേരളത്തിലെ പത്രമാധ്യമങ്ങളുടെ രൂപഘടനയിൽ അടിമുടി മാറ്റങ്ങൾവരുത്തി.

വാർത്തകളുടെ തിരഞ്ഞെടുപ്പിലും വീക്ഷണത്തിലും ആവിഷ്കരണത്തിലും വൈവിധ്യസ്വഭാവമാണ് മാധ്യമങ്ങൾക്കുള്ളത്. വ്യത്യസ്ത താത്പര്യങ്ങളോടെയാണ്

മാധ്യമങ്ങൾ ജനങ്ങൾക്ക് മുമ്പിലെത്തുന്നത്. ഒരു സംഭവം വ്യത്യസ്ത കോണുകളിലൂടെയാണ് മാധ്യമങ്ങൾ നോക്കിക്കാണുന്നത്. അത് സ്വാഭാവികമാണ്. അതിനാലാണ് ഒരു ഭാഷാസമൂഹത്തിൽ ഒരേരൂപത്തിലുള്ള ഒന്നിലേറെ മാധ്യമങ്ങൾക്ക് ഇടംകിട്ടുന്നത്. മലയാളത്തിലെ എല്ലാ പത്രങ്ങളും ഏകമാനമായ ആശയങ്ങൾ ഐകകണ്ഠ്യേന പങ്കുവെക്കുന്നവയാണെങ്കിൽ ഒന്നിലേറെ പത്രങ്ങൾക്ക് പ്രസക്തിയില്ലല്ലോ. വാർത്തകളുടെ തിരഞ്ഞെടുപ്പിലും വീക്ഷണത്തിലും വ്യതിരിക്തത പുലർത്തുന്നതുപോലെ ലിപിവിന്യാസം, വാർത്താവിന്യാസം, പേജ്ക്രമം, തലക്കെട്ട്, ലിപിരൂപങ്ങൾ എന്നിവയിലും ഓരോപത്രവും വേറിട്ടരീതി പിന്തുടരുന്നതായി കാണാം. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പത്രപ്രസാധനം ആരംഭിച്ചതോടെ പത്രസ്ഥാപനങ്ങൾ അച്ചടിക്കായി വൻതുകമുടക്കി പ്രത്യേകം ഫോണ്ടുകൾവരെ രൂപപ്പെടുത്തി. കെട്ടിലും മട്ടിലുമുള്ള വൈവിധ്യങ്ങളിലൂടെ പത്രങ്ങൾ തനത് സ്വത്വം നിലനിർത്താൻ ശ്രമിക്കുന്നു. ബാഹ്യമായ രൂപഘടനയ്ക്കും ഭാഷാപ്രയോഗത്തിനും പത്രമാധ്യമങ്ങൾ അടിസ്ഥാനപ്രമാണമായി സ്വീകരിക്കുന്നത് സ്റ്റൈൽ ബുക്കാണ്. മാധ്യമസ്വത്വത്തിന്റെ ഭാഗമായി ഓരോ പത്രവും വ്യത്യസ്ത സ്റ്റൈൽബുക്ക് പിന്തുടരുന്നു. പത്രങ്ങളുടെ തനത്‌വ്യക്തിത്വത്തിന്റെ അടിസ്ഥാനരേഖയായി സ്റ്റൈൽബുക്കിനെ കാണുന്നു. മലയാളത്തിൽ ഇന്ന് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഏതാനും പത്രങ്ങളുടെ സ്റ്റൈൽ ബുക്കിനെ അടിസ്ഥാനപ്പെടുത്തി മലയാള ലിപിവിന്യാസത്തിലെ ചില പ്രശ്നങ്ങളിലേക്ക് ഭാഷാപരമായ സൂചനകൾ നൽകുകയാണ് ഈ പഠനത്തിന്റെ ഉദ്ദേശ്യം.

**സ്റ്റൈൽബുക്കും ഭാഷയും**

മാധ്യമങ്ങളുടെ അച്ചുനിരത്തലിന് അടിസ്ഥാന പ്രമാണം അവയുടെ സ്റ്റൈൽ പുസ്തകങ്ങളാണ്. സ്റ്റൈൽബുക്കിൽ ഏറ്റവും പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നത് ലിപിവിന്യാസമാണ്. പത്രമാധ്യമസ്ഥാപനങ്ങൾ മാത്രമല്ല,

സർക്കാർ പ്രസിദ്ധീകരണാലയങ്ങൾ, സാഹിത്യ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റിയൂട്ട് തുടങ്ങിയ ഔദ്യോഗികസ്ഥാപനങ്ങൾവരെ അച്ചടിക്കായി പ്രത്യേകം സ്റ്റൈൽബുക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഒരു ഭാഷാസമൂഹത്തിൽ ഉൾപ്പെടുന്ന മാധ്യമങ്ങൾ വ്യത്യസ്ത സ്റ്റൈൽബുക്കുകൾ പിന്തുടരുന്നത് ഭാഷയിൽ സങ്കീർണതകളുണ്ടാക്കുന്നു. ശൈലീവൈവിധ്യങ്ങൾ ഭാഷയിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുന്നുണ്ട്. അച്ചടിയുടെ ആരംഭത്തോടെയാണ് മലയാളത്തിൽ ഏകീകൃതലിപിവിന്യാസം ഏതാണ്ട് സാധ്യമായത്. അച്ചടിക്കുശേഷം പല ലക്ഷ്യങ്ങളോടെ നടന്ന ലിപിപരിഷ്കരണങ്ങൾ ഭാഷയിലെ ലിപിവ്യവസ്ഥ കലുഷിതമാക്കി. ഇന്ന് ഏകീകൃതലിപിവിന്യാസമില്ലാത്ത ഭാഷയാണ് മലയാളം. ഒരു പദത്തിന് ഒന്നിലേറെ ലിപിവിന്യാസങ്ങൾ ഭാഷയിൽ നിലനിൽക്കുന്നു. ഒരു പദത്തിന്റെ ലിപിവിന്യാസത്തിൽ ശരിയേത്, തെറ്റേത് എന്നാർക്കും നിർണയിക്കാനാവാത്തവിധം സങ്കീർണമാണ് മലയാളത്തിന്റെ ലിപിവിന്യാസത്തിലെ വൈവിധ്യങ്ങൾ. ലിപിവിന്യാസത്തിലെ വ്യവസ്ഥയില്ലായ്മ മലയാളഭാഷാ വ്യവഹാര മണ്ഡലത്തിലുണ്ടാക്കിയ വിഷമതകൾ ഇവിടെ വിശദമായി ചർച്ചചെയ്യുന്നില്ല.

ഒരു ഭാഷാസമൂഹത്തിലെ അച്ചടിമാധ്യമങ്ങൾ വ്യത്യസ്ത സ്റ്റൈൽബുക്കുകളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതിൽ ആശയക്കുഴപ്പത്തിലാകുന്നത് ആ ഭാഷ സാമാന്യവ്യവഹാരത്തിന് ഉപയോഗിക്കുന്ന പൊതുസമൂഹമാണ്. അച്ചടിമാധ്യമങ്ങൾ ഭാഷയുടെ ശരിരൂപങ്ങൾ പിന്തുടരുന്നവരാണെന്ന ബോധം പൊതുവെ പൊതുസമൂഹത്തിലുണ്ട്. വിദ്യാർത്ഥികളുൾപ്പെടെയുള്ളവർ പലപ്പോഴും ഒരു പദത്തിന്റെ ലിപിവിന്യാസത്തിൽ എന്തെങ്കിലും സംശയമുണ്ടായാൽ നിഘണ്ടു നോക്കുന്നതിനു പകരം ദിനപ്പത്രത്തിൽ അതെങ്ങനെയാണ് അച്ചടിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നത് സാധാരണമാണ്. എന്നാൽ ഏത് പത്രമാണോ നോക്കുന്നത് അതിനനുസരിച്ച് ലിപിവിന്യാസത്തിലെ

ശരികളും മാറും. വീട്ടിൽ 'മാതൃഭൂമി'യും സ്കൂളിൽ 'മനോരമ'യും നാട്ടിലെ ലൈബ്രറിയിൽ 'ദേശാഭിമാനി'യുമാണെങ്കിൽ കുട്ടി ഒരുപദത്തിന് മൂന്നുവിധത്തിലുള്ള ലിപിവിന്യാസങ്ങൾ പരിചയിക്കുന്നു. ഇതിൽ ഏതാണ് ശരിയെന്ന് നിർണയിക്കാനാകാതെ ആശയക്കുഴപ്പത്തിലുമാകുന്നു. വിദ്യാലയങ്ങളിൽ ഇന്ന് അക്ഷര-ലിപി- വ്യാകരണ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നില്ല. സ്റ്റൈൽബുക്കിലെ ലിപിവിന്യാസമാതൃകകളെല്ലാം ഭാഷാപരമായ ശരികൾ ആവണമെന്നില്ല. വ്യതിരിക്തത, സ്ഥലലാഭം, അച്ചുനിരത്തലിന്റെ വേഗത തുടങ്ങിയ കാര്യങ്ങൾക്കാണ് സ്റ്റൈൽബുക്ക് പ്രഥമ പരിഗണന നൽകുന്നത്. അതിനാൽ സ്റ്റൈൽപുസ്തകങ്ങൾ നിഘണ്ടുപോലെ ഭാഷയിലെ ശരിയായ പദപ്രയോഗങ്ങളുടെ ശേഖരമാകണമെന്നില്ല. പലപ്പോഴും ഒരു പദത്തിന്റെ വ്യത്യസ്തതരത്തിലുള്ള ലിപിവിന്യാസങ്ങളിൽ രണ്ടുംശരി അല്ലെങ്കിൽ എല്ലാംശരി എന്ന നിലപാട് സ്റ്റൈൽബുക്കുകൾക്ക് സ്വീകരിക്കേണ്ടിവരുന്നു.

**മലയാളലിപിവിന്യാസത്തിലെ അവ്യവസ്ഥകൾ**

സ്വര-വ്യഞ്ജന ഉപലിപികളുടെ വിന്യസനം, ചില്ലുകൾ, ഇരട്ടിപ്പ്, സംവൃതോകാരം, കൂട്ടക്ഷരങ്ങളുടെ നിർമ്മിതി, പദവിഭജനം തുടങ്ങിയ കാര്യങ്ങളിലാണ് മലയാളലിപിവിന്യാസത്തിൽ അവ്യവസ്ഥകൾ നിലനിൽക്കുന്നത്. വിഷയത്തിന്റെ ബാഹുല്യത്താലും സമയപരിമിതിയാലും അവയെല്ലാം ഇവിടെ വിശകലനം ചെയ്യുന്നില്ല. ഇവിടെ അന്യഭാഷകളിൽനിന്ന് മലയാളത്തിലേക്ക് സ്വീകരിക്കുന്ന പദങ്ങളിലെ ലിപിവിന്യാസത്തിലുള്ള വൈവിധ്യങ്ങൾ മാത്രം പരിശോധിക്കുന്നു. കേരളവുമായി സമ്പർക്കമുണ്ടായിരുന്ന എല്ലാദേശക്കാരുടേയും ഭാഷകളിൽനിന്ന് മലയാളം പദങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മലയാളത്തിലേക്ക് ഏറ്റവുമധികം പദങ്ങൾ സ്വീകരിക്കേണ്ടിവന്നത് സംസ്കൃതം, ഇംഗ്ലീഷ് ഭാഷകളിൽനിന്നാണ്. രണ്ടുവിധത്തിൽ അന്യഭാഷയിൽനിന്ന് പദങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. തത്സമം- ഒരു ഭാഷയിൽ എങ്ങനെയാണോ ഒരുപദം ഉച്ചരിക്കുന്നത് ആ ഉച്ചാരണത്തെ അതേപടി അനുകരിക്കുന്ന വിധത്തിലുള്ള ലിപ്യന്തരണം.

ഉദാ: car - കാർ, soap - സോപ്പ്, light - ലൈറ്റ്

2. തത്ഭവം- അന്യഭാഷയിലെ പദം മലയാളത്തിന്റെ ഉച്ചാരണവ്യവസ്ഥയ്ക്കനുസൃതമായ ലിപിവിന്യാസത്തോടെ സ്വീകരിക്കുന്നത്.

ഉദാ: pen - പേന, book - പുസ്തകം, master - മാഷ്.

അന്യഭാഷാപദങ്ങളുടെ ലിപിവിന്യാസത്തിന് ഏകീകൃതരൂപമില്ല. എന്നാൽ പൗരാണികഭാഷയായ സംസ്കൃതത്തിൽനിന്ന് സ്വീകരിച്ച പദങ്ങളുടെ ലിപിവിന്യാസത്തിൽ ഏറെക്കുറെയെല്ലാം ഏകീകൃതരൂപം കാണാം. പദവിന്യാസത്തിൽ അമിത സംസ്കൃതഭ്രമവും കാണാവുന്നതാണ്. ഉദാഹരണത്തിന് ഒരു മരണവാർത്തയിൽ സഹോദരൻ/ സഹോദരി/ അമ്മ/ അച്ഛൻ തുടങ്ങിയ സംസ്കൃതപദങ്ങൾമാത്രം ഉപയോഗിക്കുമ്പോൾ ഒരു അപകടവാർത്തയുടെ സൈഡ് സ്റ്റോറിയിൽ അനിയൻ/ അനിയത്തി/ ആങ്ങള/ പെങ്ങൾ തുടങ്ങിയ ദ്രാവിഡപദങ്ങളും ഉപയോഗിക്കുന്നത് കാണാം. ഗൗരവമുള്ള വാർത്തകൾക്ക് സംസ്കൃതം; ഫീച്ചറുകൾപോലെയുള്ളവയ്ക്ക് ദ്രാവിഡം എന്നരീതി പത്രഭാഷയിൽ പൊതുവെ കാണുന്നു. അതേസമയം സംസ്കൃതമൊഴികെയുള്ള അന്യഭാഷാപദങ്ങളുടെ ലിപിവിന്യാസത്തിൽ അച്ചടിമാധ്യമങ്ങൾക്ക് കൃത്യമായ നിലപാടുകളോ ഏകീകൃതമാതൃകയോ ഇല്ല. സർവസാധാരണമായി ഉപയോഗിക്കുന്ന ചില അന്യഭാഷാപദങ്ങൾ മാധ്യമങ്ങളിൽ കാണുന്നത് ഇപ്രകാരമാണ്.

| | | |
|---|---|---|
| അസം | അസ്സം | ആസാം |
| നരേന്ദ്രമോദി | നരേന്ദ്രമോടി | നരേന്ദ്രമോഡി |
| മൻമോഹൻ സിങ് | മൻമോഹൻ സിംഗ് | മൻമോഹൻ സിംഹ് |

| | | |
|---|---|---|
| പാർലമെന്റ് | പാർലമെണ്ട് | പാർലിമെന്റ് |
| സെക്രട്ടേറിയറ്റ് | സെക്രട്ടേറിയേറ്റ് | സെക്രട്ടേരിയറ്റ് |
| ബിവറേജസ് | ബീവറേജസ് | ബവ്റിജസ് |
| ശുപാർശ | ശിപാർശ | ശിപാർസ |
| ജവഹർലാൽ നെഹ്റു | ജവാഹർലാൽ നെഹ്രു | ജവഹർലാൽ നെഹ്രു |
| ഫിബ്രവരി | ഫെബ്രുവരി | ഫിബ്രുവരി |
| പോലീസ് | പൊലിസ് | പൊലീസ് |

ഈ വൈവിധ്യം ഭാഷാസമൂഹത്തിലെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പഠിതാക്കളേയും ഉപയോക്താക്കളേയും ആശയക്കുഴപ്പത്തിലാക്കുന്നു. പ്രയുക്തമേത്, അപ്രയുക്തമേത് എന്ന് തിരിച്ചറിയാനാകാതെ വ്യവഹാരസമൂഹം വിഷമവൃത്തത്തിലാകുന്നു. പദങ്ങളുടെ ലിപിവിന്യാസത്തിന് ഐക്യരൂപമില്ലാത്തത് പത്രപ്രസാധനമേഖലയിൽ വലിയ പുരോഗതിക്ക് സഹായകമായേക്കാവുന്ന മലയാളം സ്പെൽചെക്കർ പോലുള്ള സാധ്യതകളെ പരിമിതപ്പെടുത്തുന്നു. മലയാളഭാഷാകമ്പ്യൂട്ടിങ് സംരംഭങ്ങൾക്കുതന്നെ വെല്ലുവിളിയുയർത്തുന്നത് മലയാളത്തിന് ഏകീകൃത ലിപിവിന്യാസ മാതൃകയില്ലാത്തതാണ്. മലയാളത്തിലെ ലിപിവിന്യാസത്തിന് ഐക്യരൂപമുണ്ടാവാൻ അച്ചടിമാധ്യമങ്ങൾ ഏകീകൃത സ്റ്റൈൽബുക്ക് അടിസ്ഥാനമാക്കി പ്രവർത്തിക്കണം. ഇതിന് സഹായകമാകുന്ന ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

1. അന്യഭാഷകളിൽനിന്ന് പദങ്ങൾ സ്വീകരിക്കേണ്ടിവരുന്നത് സ്വാഭാവികമാണ്. എന്നാൽ എല്ലാഭാഷകളിൽനിന്നും എല്ലാപദങ്ങളും തത്സമമായി സ്വീകരിക്കൽ പ്രായോഗികമല്ല. ഒരു ഭാഷകളിലെ ഉച്ചാരണങ്ങളെയെല്ലാം പ്രതിനിധീകരിക്കുന്ന

ലിപിരൂപങ്ങൾ മറ്റൊരുഭാഷയിൽ കാണണമെന്നില്ല (ഉദാ: zoo - സൂ, Gazal - ഗസൽ). അതിനാൽ ലക്ഷ്യഭാഷയുടെ ഉച്ചാരണവ്യവസ്ഥയ്ക്ക് അനുയോജ്യമായ വിധത്തിൽ തത്ഭവങ്ങളായി സ്വീകരിക്കുന്നതാണ് ഇതിൽ പ്രായോഗികം. (ഇംഗ്ലീഷുകാർ അവരുടെ ഉച്ചാരണവ്യവസ്ഥയ്ക്ക് യോജിക്കാത്ത സ്ഥലനാമങ്ങളും വ്യക്തിനാമങ്ങളും തത്ഭവനാമങ്ങളാക്കി മാറ്റി. ഉദാ: ആലപ്പുഴ - Aleppey, കോഴിക്കോട് - Calicut, സാമൂതിരി - Zamorin. ഈ മാതൃകയിൽ തത്ഭവങ്ങളായി പദങ്ങൾ സ്വീകരിക്കുക. അറബി, സുറിയാനി പദങ്ങളുടെ തത്സമരൂപങ്ങൾ എഴുതുമ്പോൾ വിശ്വാസപരമായ ശാഠ്യങ്ങളാൽ ലിപിവ്യവസ്ഥ കലുഷിതമാക്കരുത്. (മഅ്ദനി, മഅ്രിബ്).

2. അന്യഭാഷകളുടെ ലിപിവിന്യാസം എങ്ങനെയാവണമെന്നതിന് പൊതുസമൂഹം മാതൃകയാക്കുന്നത് പത്രമാധ്യമങ്ങളെയാണ്. അതിനാൽ ഫോണ്ടുകൾ, പേജ് സംവിധാനം, ലേഔട്ട്, വാർത്തകളുടെ തിരഞ്ഞെടുപ്പ് എന്നിവ തനത് രൂപത്തിന്റെ ഭാഗമായി കാണുകയും ലിപിവിന്യാസ കാര്യത്തിൽ ഐക്യരൂപം ഉണ്ടാവുകയും വേണം. കെട്ടിലും മട്ടിലും വൈവിധ്യങ്ങൾ പുലർത്തിയാലും ഭാഷാപ്രയോഗത്തിൽ ഐക്യരൂപം ആവശ്യമാണ്. ഇതിനായി മലയാളം അച്ചടിക്ക് ഏകീകൃത സ്റ്റൈൽബുക്ക് രൂപപ്പെടുത്തണം.

3. അച്ചടിക്ക് സഹായകമാകുന്ന സ്പെൽചെക്കർ, വേഡ് റീപ്ലെയ്സിങ്, വേഡ് കൗണ്ടിങ്, വേഡ് സെർച്ചിങ്, സോർട്ടിങ് തുടങ്ങിയ ഭാഷാകമ്പ്യൂട്ടിങ് സംരംഭങ്ങൾ മലയാളത്തിൽ പൂർണ അർത്ഥത്തിൽ സാധ്യമാക്കുന്നതിന് ഏകീകൃതലിപിവിന്യാസം ആവശ്യമാണ്.

4. മലയാളം അച്ചടിക്കുള്ള ഏകീകൃത സ്റ്റൈൽബുക്ക് ഏതെങ്കിലുമൊരു മാധ്യമസ്ഥാപനം തയ്യാറാക്കുന്നതിനുപകരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാളം സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ ഇതിനായി മുൻകൈയെടുക്കണം. ഏകീകൃത സ്റ്റൈൽബുക്കിന്റെ

ആവശ്യകത മാധ്യമസ്ഥാപനങ്ങളെ ബോധ്യപ്പെടുത്തണം. സ്റ്റൈൽബുക്ക് കാലാനുസൃതമായി പരിഷ്കരിക്കുകയുംവേണം.

5. അച്ചടിമാധ്യമങ്ങൾ തനതുവ്യക്തിത്വം നിലനിർത്താൻ ശ്രദ്ധിക്കുന്നതോടൊപ്പം ഭാഷാഭിമാനവും ഭാഷാപരിപോഷണവും മുന്നിൽകണ്ട് പ്രവർത്തിക്കണം.

**റഫറൻസ്**


1. കേരള പത്രപ്രവർത്തന ചരിത്രം- പുതുപ്പള്ളി രാഘവൻപിള്ള,
2. കേരള സാഹിത്യ അക്കാദമിപത്രഭാഷ- എസ്. ഗുപ്തൻ നായർ (എഡി.)- കേരള പ്രസ് അക്കാദമി.
3. വാർത്ത: സമ്പൂർണ പത്രസംവിധാനം- ജോയ് തിരുമൂലപുരം, കേരളഭാഷാ ഇൻസ്റ്റിറ്റിയൂട്ട്



ഡോ. നിസാർ അഹമ്മദ് കെ.

അസിസ്റ്റന്റ് പ്രൊഫസർ

മലയാളവിഭാഗം, ഗവ. കോളേജ് മലപ്പുറം

ഫോൺ: 9895093400

ഇ.മെയിൽ: knisarahammedk@gmail.com